22 NOV 2018

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - ജില്ലാ ഓഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ(സാധാ)നം.560/18/പ്ലാനിംഗ്. തിരുവനന്തപുരം, തീയതി, 21/11/2018.

---

പരാമർശം:- 1) സർക്കുലർ നം.11919/ആർ1/2006/ഉഭപവ തിയ്യതി 14/03/07.

2) സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 27/10/18 തീയതിയിലെ ഇബി(6) 73/2018/ഡിഇഎസ് നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ ജില്ലാ ഓഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിൽ (40500-85000/-രൂപ ശമ്പള സ്കെയിലിൽ) നിലവിൽ 4 ഒഴിവുകളുണ്ടെന്നും ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ടിട്ടുള്ള 4 ഉദ്യോഗസ്ഥരിൽ ഒന്നാമതുള്ള ശ്രീമതി ലീന. വി. 2018 നവംബർ 30 നും രണ്ടാമതുള്ള ശ്രീമതി.വത്സ പൗലോസ്.പി 2019 ഫെബ്രുവരി 28 നുമായി സേവനത്തിൽ നിന്നും വിരമിക്കുന്നവരാണെന്നും ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റ നിയമനം നടത്തുന്നതിന് സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ടി ഉദ്യോഗസ്ഥരുടെ ഹ്രസ്വസേവനകാലം പരിഗണിച്ച് ഇവർക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകുന്നതിന് പരാമർശം രണ്ട് പ്രകാരം സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ ശുപാർശ ചെയ്തിരിക്കുന്നു,

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ അഡീഷണൽ ജില്ലാ ഓഫീസർമാരായ ശ്രീമതി ലീന. വി, ശ്രീമതി.വത്സ പൗലോസ്.പി എന്നിവർക്ക് താൽക്കാലിക പ്രൊമോഷന് നിലവിലുള്ള നിരോധനത്തിൽ ഇളവ് വരുത്തി KS&SSR Part II Rule 31 (a) (i) പ്രകാരം ജില്ലാ ഓഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിൽ (40500-85000 രൂപ ശമ്പള സ്കെയിലിൽ) താൽക്കാലിക പ്രൊമോഷൻ അനുവദിച്ച് ചുവടെ ചേർക്കും പ്രകാരം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.